## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1057** 30.10.2019-ലെ മറുപടി

## വാവിക്കര കടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ശ്രീ.കെ.കഞ്ഞിരാമൻ** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ വാവിക്കര കടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ: | (എ) | കാസർഗോഡ് ജില്ലയിലെ ബാവിക്കര റഗലേറ്ററിന്റെ (ബാലൻസ് പ്രവർത്തി) 82% സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട് . പുഴയിലെ ജലനിരപ്പ് ഉയർന്നത് കാരണം ഇപ്പോൾ റഗലേറ്ററിന്റെ പ്രവൃത്തി താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. എന്നാൽ ജനറേറ്റർ റൂമിന്റെ പ്രവർത്തി നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ; | (ബി) | 2020 ഏപ്രിൽ മാസം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പദ്ധതി പൂർത്തിയാകുമ്പോൾ, പദ്ധതി നിർമ്മാണത്തിന് സൗജന്യമായി ഭൂമി വിട്ട് തന്നവരുടെയും പ്രദേശ-വാസികളുടെയും പരമ്പരാഗത സഞ്ചാര മാർഗ്ഗം തടസ്സപ്പെടുന്ന സാഹചര്യത്തിൽ ഇതോടനുബന്ധിച്ച് ഒരു പാലം കൂടി അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി), ഡി) & (ഇ) | ഇപ്പോൾ ചെയ്യുന്ന പ്രവൃത്തി നേരത്തെ പകുതി ചെയ്ത വർക്കിന്റെ ബാക്കി പ്രവർത്തിയായിട്ടാണ് ഏറ്റെടുത്തിട്ടുള്ളത്. അതു കാരണം ഇതോടൊപ്പം പാലം നിർമ്മാണം കൂടി ഉൾപ്പെടുത്താൻ സാധിക്കില്ല. എന്നാൽ ജനപ്രതിനിധികളുടെയും ജനങ്ങളുടെയും ആവശ്യം പരിഗണിച്ച് ഇപ്പോൾ പണി നടക്കുന്ന സ്ഥലത്തിന് താഴെയായി പുതിയ പാലത്തിനായുള്ള പര്യവേഷണ പ്രവർത്തി ചെയ്തു കഴിഞ്ഞു. ഇൻവെസ്റ്റിഗേഷന് വേണ്ടി പണം അനുവദിക്കുകയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി പാലത്തിന്റെ രൂപകല്പന ഐ.ഡി.ആർ.ബി.യിൽ നടന്നു വരുന്നു. ആയതു ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ തയ്യാറാക്കുന്നതാണ്. |
| (ഡി) | ഇതിനായി ഇൻവെസ്റ്റിഗേഷന് തുക അനുവദിച്ചിട്ടുണ്ടോ: എങ്കിൽ ഇതിന്റെ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ: | | |
| (ഇ) | ഇൻവെസ്റ്റിഗേഷന്റെ അടിസ്ഥാനത്തിൽ പാലത്തിനായുള്ള ഡി. പി. ആർ. തയ്യാറാക്കിയിട്ടുണ്ടോ: എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ